# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2306

2019 ജൂൺ 14-ന് മറുപടി നൽകേണ്ടത്

## വൻകിട വികസന പദ്ധതികൾ

| ക്രമ നം | ചോദ്യം<br>ശ്രീ. കെ.സി. ജോസഫ് | മറുപടി<br>ഡോ. റ്റി. എം. തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|---|
| (എ) | വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി 2018-19 ബഡ്ജറ്റിൽ എത്ര തുകയാണ് വകയിരുത്തിയിരുന്നത്; | 2018-19 ബജറ്റിൽ താഴെ പറയുന്ന മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി 1638.31 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br>1. തിരുവനന്തപുരത്തും കോഴിക്കോട്ടും മോണോ റെയിൽ പ്രോജക്ടുകൾ/ലൈറ്റ് മെട്രോ സംവിധാനം<br>2. വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖം (ഐ.സി.റ്റി.റ്റി)<br>3. കൊച്ചി മെട്രോ<br>4. കണ്ണൂർ എയർപോർട്ട്<br>5. 35-ാം ദേശീയ ഗെയിംസ് വാർഷിക വേതന പദ്ധതികൾ<br>6. കൊല്ലം, ആലപ്പുഴ എൻ.എച്ച് ബൈപ്പാസ്<br>7. പാലക്കാട് പുതിയ ഐ.ഐ.ടി<br>8. പാലക്കാട് മെഗാ ഫുഡ് പാർക്ക്<br>9. കൊച്ചിയിൽ ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്ക്<br>10. കൊച്ചിയിൽ സംയോജിത ജലഗതാഗത സംവിധാനം<br>11. കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്<br>12. ജുഡീഷ്യറിക്ക് ഇൻഫ്രാസ്ട്രക്ചർ വികസനം (പുതിയ പദ്ധതി)<br>13. പാലങ്ങളും കലുങ്കുകളും പുനർ നിർമ്മിക്കുക (പുതിയ പദ്ധതി) |
| (ബി) | ഏതൊക്കെ പദ്ധതികൾക്കാണ് തുക വകയിരുത്തിയിരുന്നത്; | |

| | | |
|---|---|---|
| (സി) | ഇതിൽ എത്രതുക വിവിധ പദ്ധതികൾക്കായി ചെലവഴിച്ചു; | പദ്ധതികളുടെ നിർവ്വഹണ പുരോഗതിയും ഫണ്ട് ആവശ്യകതയും സംബന്ധിച്ച വിശദാംശങ്ങൾ സഹിതം അതത് ഭരണ വകുപ്പുകൾ ലഭ്യമാക്കുന്ന ശിപാർശകളിന്മേലുള്ള ഹൈപവർ കമ്മിറ്റിയുടെ തീരുമാനം കണക്കിലെടുത്താണ് ഓരോ പദ്ധതിയ്ക്കും മെഗാ പ്രോജക്ടുകൾക്ക് അനുവദിച്ചിരിക്കുന്ന മൊത്ത വിഹിതത്തിൽ നിന്നും തുക അലോട്ട് ചെയ്യുന്നത്. ഇപ്രകാരമുള്ള അലോട്ട്മെന്റ് ഉൾപ്പെടെ 724.68 കോടി രൂപ മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് കീഴിലെ വിവിധ പ്രോജക്ടുകളുടെ ചെലവുകൾക്കായി 2018-19 സാമ്പത്തിക വർഷം ആകെ അനുവദിച്ചിട്ടുണ്ട്. പദ്ധതികളുടെ നിർവ്വഹണ പുരോഗതി സംബന്ധിച്ച വിലയിരുത്തൽ അതത് ഭരണ വകുപ്പുകളാണ് നടത്തി വരുന്നത്. |
| (ഡി) | തുക ചെലവഴിക്കാത്ത സാഹചര്യമുണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ് എന്ന് അറിയിക്കുമോ? | |

അക്കൗണ്ട്സ് ഓഫീസർ